പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1840 17.03.2015 -ൽ മറുപടിയ്ക്ക്

ബിയർ വൈൻ പാർലറുകളിലെ മദ്യവിൽപ്പന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.എ.അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | ബിയറും വൈനും മാത്രം വിൽക്കാൻ അനുവാദം നൽകിയിട്ടുള്ള ഹോട്ടലുകളിൽ വീര്യം കൂടിയ മദ്യം വിൽക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (എ) | ബിയർ/വൈൻ പാർലറുകൾ അനുവദിച്ചിട്ടുള്ള ഹോട്ടലുകളിൽ വീര്യം കൂടിയ മദ്യം വിൽക്കുന്നില്ലായെന്ന് ഉറപ്പു വരുത്തുന്നതിനായി,ടി സ്ഥാപനങ്ങളിൽ അതാത് റെയിഞ്ച്/ സർക്കിൾ ഇൻസ്പെക്ടർമാരും, എക്സൈസ് സ്പെഷ്യൽ സ്ക്വാഡും നിരന്തരം പരിശോധനകൾ നടത്തി വരുകയും സാമ്പിൾ ശേഖരിച്ച് രാസ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. അതോടൊപ്പം എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോയും രഹസ്യ നിരീക്ഷണം നടത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ബിയറും വൈനും മാത്രം വിൽക്കാൻ അനുവാദമുള്ള ഹോട്ടലുകൾക്ക് ബാർ എന്ന ബോർഡ് പ്രദർശിപ്പിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) | അനുവാദം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ